# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 385

17.12.2014 ലെ മറുപടിക്ക്

## ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളത്തിന്റെ പ്രധാന വരുമാന സ്രോതസ്സിലൊന്നായി വികസിക്കുന്ന വിനോദസഞ്ചാര മേഖലയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ ; | എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പ്രാധാന്യം നൽകി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:<br>1. കേരള സീപ്ലെയിൻ പ്രോജക്ട്<br>2. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട്<br>3. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, ഫോർട്ട് കൊച്ചി, അഷ്ടമുടി, കാലടി-മലയാറ്റൂർ-അതിരപ്പള്ളി ടൂറിസം സർക്യൂട്ട്, നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, ഗോൾഡൻ-വാലി എന്നിവയുടെ സമഗ്ര വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു.<br>4. പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പത്മനാഭ സ്വാമി ക്ഷേത്രം, ഗുരുവായൂർ, മലയാറ്റൂർ പള്ളി, ചേരമാൻ ജുമാ മസ്ജിദ്, ശബരിമല എന്നീ പ്രധാന പിൽഗ്രിം സെന്ററുകളുടെ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br>5. സ്പൈസ് റൂട്ട് പദ്ധതി<br>6. കേരളത്തിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുടെ സാധ്യതാ പഠനം നടത്തി അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നു. |

(..........2)

| | |
|---|---|
| ബി) കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ ഉളള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ Airport കളിൽ നിലവിലുള്ള Information Counter-കളുടെ സൗകര്യങ്ങൾ അന്തർ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും, അതിനെ ബ്രാൻഡ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി PPP മോഡലിലുള്ള പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നു. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രധാന പാതകളിലും അന്തർദ്ദേശീയ നിലവാരത്തിലുള്ള കോഫീ ഷോപ്പ്, ടോയ്‌ലറ്റ് എന്നിവ അടങ്ങുന്ന "Take A Rest" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ